55 (1281) വൃദ്ധസദനങ്ങൾ പണിയുന്നതിന് സന്നദ്ധ സംഘടനകൾക്ക് ധനസഹായം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധസദനങ്ങൾ പണിയുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് 1996-97, 1997-98, 1998-99 വർഷങ്ങളിൽ എത്ര സ്ഥാപനങ്ങൾക്ക് ഇപ്രകാരമുള്ള സഹായം നൽകിയെന്നും അവ ഏതൊക്കെ സംഘടനകളാണ് എന്നും അറിയിക്കുമോ;

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എന്തു തുക ലഭിച്ചു;

(ഇ) ചേർപ്പ് നിയോജകമണ്ഡലത്തിൽ കൂർക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നെടുപുഴ കസ്തൂർബാ ഗാന്ധി സ്മാരക സമിതിയ്ക്ക് വൃദ്ധ സദനം പണിയുന്നതിന് സഹായം നൽകുമോ: ഇതിനായി എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) സന്നദ്ധസംഘടനകൾക്ക് കേന്ദ്ര സർക്കാർ ധനസഹായം നേരിട്ടാണ് നൽകുന്നത്. ആകയാൽ കൃത്യമായ കണക്ക് സർക്കാരിൽ ലഭ്യമല്ല.

(ഇ) ചേർപ്പ് നിയോജകമണ്ഡലത്തിലെ നെടുപുഴ കസ്തൂർബാ ഗാന്ധിസ്മാരക സമിതി വൃദ്ധസദനത്തിന് കെട്ടിടം പണിയാൻ സാമ്പത്തിക സഹായത്തിനു വേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത് അയച്ചു കൊടുത്തിട്ടുണ്ട്. ധനസഹായം നൽകുന്നതു സംബന്ധിച്ച അന്തിമ തീരുമാനം കേന്ദ്രസർക്കാരാണ് കൈക്കൊള്ളേണ്ടത്.

56 (1282) വികലാംഗർക്ക് സംവരണം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സർക്കാർ സർവ്വീസിൽ സംവരണം ഉണ്ടോ; എങ്കിൽ എത്ര ശതമാനം;

(ബി) ഈ സംവരണം അവർക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) ഡിസ്സെബിലിറ്റി ആക്ട് പ്രകാരം അംഗവൈകല്യം ഉള്ളവർക്ക് പ്രോത്സാഹനം നൽകുന്ന സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly